# ക്രിസ്തീയ വളർച്ചയുടെ മാർഗനിർദേശങ്ങൾ

By Dr. Otto J. de laTorre



നിങ്ങളുടെ ജീവിതം ഏറ്റവും ശ്രേഷ്ഠമായ നിലയിൽ ആകുവാൻ യേശുക്രിസ്തു നിങ്ങളെക്കുറിച്ച് ആഗ്രഹിക്കുന്നു. നിങ്ങൾ ദൈവിക മാർഗങ്ങളിൽ വളരുവാനും അഭിവൃദ്ധിപ്പെടുവാനും, ഓരോ ദിവസവും അവനെ കൂടുതൽ അറിയുവാനും, തന്റെ ഹിതം നിങ്ങളുടെ ജീവിതത്തിൽ മനസിലാക്കുവാനും അവൻ ആഗ്രഹിക്കുന്നു. ഒരു ശരിയായ ക്രിസ്ത്യാനിയായി വളരുവാൻ ആവശ്യമായ മാർഗ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു:-

## 1. തിരുവചനം ദിനംതോറും വായിക്കുക.

വേദപുസ്തകം ദൈവത്തിന്റെ വചനമാണ്, തിരുവചനം മൂലമാണ് ഒരു ക്രിസ്ത്യാനി ആത്മീകമായി പോഷിപ്പിക്കപ്പെടുന്നതു്. വിശുദ്ധ വേദപുസ്തകത്തിൽ നിന്നും നമ്മെക്കുറിച്ചുള്ള ദൈവഹിതം മനസ്സിലാക്കുവാനും ദൈവത്തെക്കുറിച്ചു് കൂടുതൽ പഠിക്കുവാനും അറിയുവാനും സാധിക്കുന്നു.

**വിശുദ്ധവേദപുസ്തകം പറയുന്നു :-** "എല്ലാ തിരുവെഴുത്തും ദൈവ വിശ്വാസീയമാകുകയാൽ ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവൃത്തിക്കും വക പ്രാപിച്ചു് തികഞ്ഞവൻ ആകേണ്ടതിന് ഉപദേശത്തിനും ശാസനത്തിനും ഗുണീകരണത്തിനും നീതിയിലെ അഭ്യാസത്തിനും പ്രയോജനമുള്ളതു് ആകുന്നു."(2 തിമൊഥെയോസ് 3:16,17)

## 2. ദിനവും പ്രാർത്ഥിക്കുക.

പ്രാർത്ഥന ദൈവത്തോടു് സംസാരിക്കയാണു്. നാം എവിടെയും എപ്പോഴും പ്രാർത്ഥിക്കാം. പക്ഷെ ദിവസവും ഒരു മണിക്കൂറെങ്കിലും നാം ദൈവത്തോടു് സംസാരിക്കുവാൻ മാറ്റിവക്കണം. ദൈവം

നിങ്ങളോടു് സംസാരിക്കുവാനും അനുവദിക്കുക. പ്രാർത്ഥിക്കുമ്പോൾ പാപങ്ങളെക്കുറിച്ചു് അനുതപിക്കുക, എല്ലാററിനു സ്തോത്രം ചെയ്യുക, സ്തുതിക്കുക, ആരാധിക്കുക, എന്തെന്നാൽ അവൻ ദൈവമാകുന്നു.

**വേദപുസ്തകം പറയുന്നു :-** "ഇടവിടാതെ പ്രാർത്ഥിക്കുക"

(1തെസലോനിക്യർ 5:17)

### 3. ദൈവ വചനം പ്രസംഗിക്കുന്ന ഏതെങ്കിലും ഒരു സഭയിൽ അംഗമാകുക.

യേശുക്രിസ്തു ഭൂമിയിൽ ആയിരുന്നപ്പോൾ യെഹൂദ ദേവാലയങ്ങളിലും യെരുശലേം ദേവാലയത്തിലും തൻെറ സ്വർഗ്ഗീയ പിതാവിനെ ആരാധിക്കുന്നതിനായി കടന്നു പോകാറുണ്ടായിരുന്നു. അതുപോലെ ക്രിസ്ത്യാനികളായ നാമും ക്രിസ്തുവിനെപ്പോലെ, അവൻ നമ്മെക്കുറിച്ചു് ആഗ്രഹിക്കുന്നതുപോലെ സഭയിൽ ഒരുമിച്ചു കൂടുകയും അവനെ ആരാധിക്കുകയും, സേവിക്കയും, ക്രിസ്തുയേശുവിൽ നമ്മുടെ സഹ വിശ്വാസികളായവരോടു് കൂട്ടായ്മ ആചരിക്കയും വേണം. നാം, പൂർണ ദൈവവചനം പ്രസംഗിക്കയും, വിശ്വസിക്കയും, പ്രായോഗികമാക്കുകയും ചെയ്യുന്ന ഒരു സഭാ കൂടിവരവിൻെറ ഭാഗമായിത്തീരണം.

**വേദപുസ്തകം പറയുന്നു :-** "ചിലർ ചെയ്യുന്നതുപോലെ നമ്മുടെ സഭായോഗങ്ങളെ ഉപേക്ഷിക്കാതെ, തമ്മിൽ പ്രബോധിപ്പിച്ചുകൊണ്ട്, സ്നേഹത്തിനും, സൽ-പ്രവർത്തികൾക്കും ഉത്സാഹം വർദ്ധിപ്പിപ്പാൻ അന്യോന്യം സൂക്ഷിച്ചുകൊൾക. നാൾ സമീപിക്കുന്നു എന്ന് കാണും തോറും അതു് അധികമധികമായി ചെയ്യേണ്ടതാകുന്നു."

(എബ്രായർ 10:25)

### 4. ദൈവത്തോടു് നിങ്ങളുടെ പാപങ്ങളെ ഏററുപറയുക.

നാം, ദൈവത്തോടൊ, നമ്മുടെ അയൽക്കാരോടൊ, പാപം ചെയ്താൽ, ഉടൻ തന്നെ പാപങ്ങളെ ദൈവത്തോടു് ഏററുപറഞ്ഞു് മററുള്ളവരുമായി നമ്മെത്തന്നെ ക്രമീകരിക്കുക. ദൈവത്തോടു് പാപങ്ങൾ ഏററുപറയുക എന്നാൽ നാം ചെയ്ത തെററു് സമ്മതിക്കുകയും പാപത്തിൻെറ വഴി വിട്ടുമാറുകയും ചെയ്ക എന്നതാണ്. നാം പാപങ്ങളെ ദൈവത്തോടു് ഏററുപറഞ്ഞു് അനുതപിച്ചാൽ അവൻ തൻെറ രക്തത്താൽ നമ്മെ കഴുകി ശുദ്ധീകരിക്കയും നമ്മോടു് ക്ഷമിക്കയും ചെയ്യുന്നു.

**വേദപുസ്തകം പറയുന്നു :-** "നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോടു് പാപങ്ങളെ ക്ഷമിച്ചു്, സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും, നീതിമാനും ആകുന്നു". (1 യോഹന്നാൻ 1:9)

## 5. വാക്കിനാലും പ്രവർത്തിയാലും മറ്റുള്ളവരോടു് സാക്ഷീകരിപ്പിൻ.

ക്രിസ്ത്യാനികളായ നാം ജീവിതം കൊണ്ടും, വാക്കുകൾകൊണ്ടും ചുറ്റുമുള്ളവരോടു് ക്രിസ്തുവിനെ സാക്ഷീകരിക്കുമെങ്കിൽ ദൈവം നമ്മുടെ ജീവിതത്തിലൂടെ മഹിമപ്പെടുവാൻ ഇടയാകും. നാം പ്രസംഗിക്കുന്ന കാര്യങ്ങൾ ജീവിതത്തിൽ പ്രായോഗിക-മാക്കുന്നുവൊ എന്നു് ക്രിസ്തുവിനെ അറിയാത്ത ജനത നമ്മെ ഉറ്റുനോക്കി-ക്കൊണ്ടിരിക്കയാണെന്ന് ഓർമ്മ വേണം.

**വേദപുസ്തകം പറയുന്നു :-** "എൻെറ പിന്നാലെ വരുവിൻ ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും എന്ന് അവരോടു് പറഞ്ഞു." (മത്തായി 4:19)

## 6. എല്ലാക്കാര്യങ്ങളിലും ദൈവത്തെ അനുസരിക്ക

നാം യഥാർത്ഥമായി ക്രിസ്തുവിനെ സ്നേഹിക്കുന്നു എങ്കിൽ അവൻ കല്പിക്കുന്നതു് നാം ചെയ്യുന്നവരായിരിക്കും. ഒരു ക്രിസ്ത്യാനി വീണ്ടും ജനിച്ചവനും എല്ലാകര്യങ്ങളിലും ക്രിസ്തുവിനെ അനുഗമിക്കുന്നവനും അനു-കരിക്കുന്നവനും ആയിരിക്കണം. നമ്മുടെ ജീവിതത്തിന് ഏറ്റവും ഉത്തമമായ കാര്യം എന്തെന്ന് ദൈവം അറിയുന്നു. എങ്കിലും ദൈവം നമ്മോടു് ചിലകാര്യങ്ങൾ ചെയ്യുവാൻ കല്പിക്കുന്നതു് നമുക്കു് ഏറ്റവും ഉത്തമമായ കാര്യം എന്തെന്ന് അവൻ അറിയുന്നതുകൊണ്ടാണ്.

**വേദപുസ്തകം ഇപ്രകാരം പറയുന്നു :-** "അവൻെറ കല്പനകളെ പ്രമാണിക്കുന്നു എങ്കിൽ നാം അവനെ അറിഞ്ഞിരിക്കുന്നു എന്ന് അതിനാൽ അറിയുന്നു." (1 യോഹന്നാൻ 2:3)

## 7. ഉപവാസത്തിൽ ദൈവിക മാതൃക അനുകരിപ്പിൻ.

വേദപുസ്തകത്തിൽ ഉടനീളം ദൈവിക പുരുഷൻമാരും സ്ത്രീകളും ദൈവകല്പനക്കനുസൃതമായി ഉപവസിച്ചതായി കാണുന്നു. താൻ സ്വർഗത്തിലേക്കു് എടുക്കപ്പെട്ടതിനു ശേഷം തൻെറ ശിഷ്യഗണങ്ങൾ തൻെറ സാന്നിദ്ധ്യത്തിനായും കൂട്ടായ്മക്കായും ഉപവസിക്കണം എന്നു് താൻ അരുളിച്ചെയ്തു.

വേദപുസ്തകം പറയുന്നു :- ''മണവാളൻ കൂടെയുള്ളപ്പോൾ തോഴ്മക്കാർക്കു് ദുഃഖിപ്പാൻ കഴികയില്ല. മണവാളൻ പിരിഞ്ഞു പോകുന്ന നാൾ വരും അന്ന് അവർ ഉപവസിക്കും''.

(മത്തായി 9:15)

ഈ ചെറിയ നിർദ്ദേശങ്ങൾ നിങ്ങളുടെ ജീവിതത്തി( പ്രായോഗികമാക്കുമെങ്കിൽ യേശുക്രിസ്തുവിൻെറ ഒരു ഉത്തമ ശിഷ്യനായി വളരുവാൻ നിങ്ങൾക്കും സാധിക്കും.

## ദൈവം ഏകദൈവം

**I ദൈവം: മൂന്ന് ദൈവിക അളത്വങ്ങൾ** ''നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക. (ഉല്പത്തി 1:26)

''ഇനി ഞാൻ ലോകത്തിൽ ഇരിക്കുന്നില്ല, ഇവരോ ലോകത്തിൽ ഇരിക്കുന്നു. ഞാൻ നിൻെറ അടുക്കൽ വരുന്നു, പരിശുദ്ധപിതാവെ അവർ നമ്മെപോലെ ഒന്നാകേണ്ടതിന് നീ എനിക്കു തന്നിരിക്കുന്ന നിൻെറ നാമത്തിൽ അവരെ കാത്തുകൊള്ളേണമെ''

(യോഹന്നാൻ 17:11)

**II ദൈവം: പിതാവു്, പുത്രൻ പരിശുദ്ധാത്മാവു്**

''പിതാവിൻെറയും പുത്രൻെറയും പരിശു-ദ്ധത്മാവിൻെറയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു് കല്പിച്ചതു്ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചു കൊണ്ട് സകലജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ'' (മത്തായി 28:19)

''കർത്താവായ യേശുക്രിസ്തുവിൻെറ കൃപയും ദൈവത്തിൻെറ സ്നേഹവും, പരിശുദ്ധത്മാവിൻെറ കുട്ടായ്മയും, നി ങ്ങ· എല്ലാവരോടും കൂടെ ഇരിക്കുമാറാകട്ടെ' (2 കൊരിന്ത്യർ 13:14)

**III ചില ദൈവിക സ്വഭാവങ്ങൾ.**

''അബ്രഹാമിന് തൊണ്ണൂറ്റൊൻപതു് വയസായപ്പോൾ യഹോവ അബ്രഹാമിന് പ്രത്യക്ഷനായി അവനോടു്, ഞാൻ സർവശക്തിയുള്ള ദൈവമാകുന്നു. നീ എൻെറ മുൻപാകെ നടന്ന് നിഷ്കളങ്കനായിരിക്ക''. (ഉല്പത്തി 7:1)

''എന്നാൽ നിങ്ങൾ ഐക്യമത്യപ്പെട്ടു് നമ്മുടെ കർത്താവായ യേശുക്രിസ്തുവിൻറ പിതാവായ ദൈവത്തെ ഏകമനസോടെ ഒരു വായിനാൽ മഹത്വീകരിക്കേണ്ടതിന് സ്ഥിരതയും ആശ്വാസവും

നൽകുന്ന ദൈവം നിങ്ങൾക്ക് യേശുക്രിസ്തുവിന്, അനുരൂപമായി തമ്മിൽ ഏകചിന്തയോടിരിപ്പാൻ കൃപ നൽകുമാറാകട്ടെ.''
(റോമർ 15:5)

''എൻെറ ദൈവമൊ, നിങ്ങളുടെ ബുദ്ധിമുട്ടൊക്കെയും മഹത്വത്തോടെ തൻെറ ധനത്തിനൊത്തവണ്ണം ക്രിസ്തുയേശുവിൽ പൂർണ്ണമായി തീർത്തുതരും'' (ഫിലിപ്പിയർ 4:19)

''സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല. ദൈവം സ്നേഹം തന്നെ ആകുന്നു.'' (1 യോഹന്നാൻ 4:8)

''അവൻ നിൻെറ അകൃത്യം ഒക്കെയും മൊചിക്കുന്നു നിൻെറ സകല രോഗങ്ങളെയും സൗഖ്യമാക്കുന്നു.'' (സങ്കീർത്തനം 103:3)

## ജലസ്നാനം.

### I സഭയോടുള്ള ക്രിസ്തുവിൻെറ കല്പനയാണ് ജലസ്നാനം

''വിശ്വസിക്കയും സ്നാനം എൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും''
(മാർക്കോസ് 16:16)

### II ജലസ്നാനം : നാം അനുകരിക്കേണ്ട ഒരു മാതൃക.

#### A. യേശുക്രിസ്തു സ്നാനമേറ്റു

''യേശു സ്നാനമേറ്റ ഉടനെ വെള്ളത്തിൽ നിന്നു കയറി........''
(മത്തായി 3:16)

#### B. ശിഷ്യൻമാർ സ്നാനമേറ്റു

''യേശു അനരോടു് ഞാൻ കുടിക്കുന്ന പാനപാത്രം നിങ്ങൾ കുടിക്കയും ഞാൻ ഏൽക്കുന്ന സ്നാനം ഏൽക്കയും ചെയ്യും നിശ്ചയം.'' (മാർക്കോസ് 10:39)

**ജല സ്നാനം എന്നാൽ എന്ത് ?**

അങ്ങനെ നാം മരണത്തിൽ പങ്കാളികളായിത്തീർന്ന സ്നാനത്താൽ അവനോടുകൂടെ കുഴിച്ചിടപ്പെട്ടു. ക്രിസ്തു മരിച്ചിട്ടു് പിതാവിൻെറ മഹിമയാൽ ജീവിച്ചെഴുന്നേറ്റതുപോലെ നാമും ജീവൻെറ പുതുക്കത്തിൽ നടക്കേണ്ടതിനു തന്നെ.'' (റോമർ 6:4)

ജലസ്നാനം യേശുക്രിസ്തുവിൻെറ മരണത്തിൻെറയും പുനരുത്ഥാനത്തിൻെറയും ഒരു പ്രതീകമാണ്.

## ജല സ്നാനം ഏതു വിധത്തിൽ ?

സ്നാനം എന്ന വാക്കിൻെറ അത്ഥം മുഴുകുക, വെള്ളത്താൽ പൂർണ്ണമായി മൂടപ്പെടുക എന്നതാണ്. "സ്നാനത്തിൽ നിങ്ങൾ അവനോടുകൂടെ അടക്കപ്പെടുകയും അവനെ മരിച്ചവരുടെ ഇടയിൽ നിന്ന് ഉയർത്തെഴുന്നേല്പിച്ച ദൈവത്തിൻെറ വ്യാപാര ശക്തിയുള്ള വിശ്വാസത്താൽ അവനോടുകൂടെ നിങ്ങളും ഉയിർത്തെഴുന്നേൽക്കുകയും ചെയ്തു. (കോലോസിയർ 2:12)

"പിതാവിൻെറയും പുത്രൻെറയും പരിശുദ്ധ-ത്മാവിൻെറയും നാമത്തിൽ സ്നാനം കഴിപ്പിച്ചും അവൻ നിങ്ങളോടു കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചും കൊണ്ടു് സകലജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ"

(മത്തായി 28:19)

# യേശുവിൻെറ പരസ്യ ശുശ്രൂഷ

## I. യേശുക്രിസ്തു. ദൈവം മനുഷ്യനായി.

### A. യേശുക്രിസ്തു ദൈവമാകുന്നു.

"പിതാക്കൻമാരും അവർക്കുള്ളവർ തന്നെ. ജഡപ്രകാരം ക്രിസ്തുവും അവരിൽ നിന്നാല്ലൊ ഉത്ഭവിച്ചതു്. അവൻ സർവത്തിനും മീതെ ദൈവമായി എന്നേക്കും വാഴ്ത്തപ്പെട്ടവൻ."

(റോമർ 9:5)

### B. യേശുവിൻെറ മാനുഷീകത.

"യേശുക്രിസ്തുവിലുള്ള ഭാവം തന്നെ നിങ്ങളിലും ഉണ്ടായിരിക്കട്ടെ. അവൻ ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളേണം എന്ന് വിചാരിക്കാതെ ദാസരൂപം എടുത്തു മനുഷ്യ സാദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ചു വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെത്താൻ താഴ്ത്തി മരണത്തോളം ക്രൂശിലെ മരണത്തോളം തന്നെ അനുസരണമുള്ളവനായിത്തീർന്നു."

(ഫിലിപ്പിയർ 2:5-8)

## II. യേശുക്രിസ്തുവിൻെറ ശുശ്രൂഷ.

### A. യേശുക്രിസ്തു മനുഷ്യനെ തൻെറ പാപങ്ങളിൽ നിന്നും മോചിതനാക്കി.

"തൻെറ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യ ജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ

നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു''.

(യോഹന്നാൻ 3:16)

''അവനിൽ (യേശുക്രിസ്തുവിൻ) നമുക്കു് അവന്റെ രക്തത്താൽ അതിക്രമങ്ങളുടെ മോചനം എന്ന വീണ്ടെടുപ്പുണ്ട്''

(എഫേസ്യർ 1:7)

**B. യേശുക്രിസ്തു മനുഷ്യരുടെ രോഗങ്ങളെ സൗഖ്യമാക്കുന്നു. അശുദ്ധാത്മാക്കളെ പുറത്താക്കുന്നു**

''നാനാവ്യാധികളാൽ വലഞ്ഞിരുന്ന അനേകരെ അവൻ സൗഖ്യമാക്കി, അനേകം ഭൂതങ്ങളെ പുറത്താക്കി, ഭൂതങ്ങൾ അനനെ അറികകൊണ്ട് സംസാരിപ്പാൻ അവയെ സമ്മതിച്ചില്ല. (മർക്കോസ് 1:34)

യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നെന്നേക്കും അനന്യൻ തന്നെ.''

(എബ്രായർ 13:8)

**C. യേശുക്രിസ്തു ക്രിസ്ത്യാനിയെ പൂർണ്ണനാക്കുന്നു.**

''അവൻ മുന്നറിഞ്ഞവരെ തന്റെ പുത്രൻ അനേകം സഹോദരൻമാരിൽ ആദ്യജാതൻ ആകേണ്ടതിന്അവന്റെ സ്വരൂപത്തോടു് അനുരൂപരാകുവാൻ മുന്നിയമിച്ചിരിക്കുന്നു.'' (റോമർ 8:29)

**D. യേശുക്രിസ്തു ക്രിസ്ത്യാനികളെ തന്നോടുകൂടെ ചേർക്കുവാൻ വീണ്ടും വരും.**

''എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസ-സ്ഥലങ്ങൾ ഉണ്ട്. ഇല്ലെങ്കിൽ ഞാൻ നിങ്ങളോട് പറയുമായിരുന്നു. ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിയാൽ ഞാൻ ഇരിക്കുന്ന ഇടത്തു് നിങ്ങളും ഇരിക്കേണ്ടതിന് പിന്നെയും വന്ന് നിങ്ങളെ എന്റെ അടുക്കൽ ചേർത്ത്കൊള്ളും.'' (യോഹന്നാൻ 14:2,3)

**പരിശുദ്ധാത്മാവിന്റെ ശുശ്രൂഷ.**

**I. പരിശുദ്ധാത്മാവു്**

**A. ആത്മാവു് ദൈവം ആകുന്നു.** '' നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവു് നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയൊ'' (1 കൊരിന്ത്യർ 3:16)

**B. പരിശുദ്ധാത്മാവു് ഒരു ദിവ്യപുരുഷനാകുന്നു.**

''സത്യത്തിന്റെ ആത്മാവു് വരുമ്പോഴൊ അവൻ നിങ്ങളെ സകല സത്യത്തിലും വഴി നടത്തും അവൻ സ്വയമായി സംസാരിക്കയും വരുവാനുള്ളതു് നിങ്ങൾക്കു് അറിയിച്ചു തരികയും ചെയ്യും''

(യോഹ:16:13)

## II. പരിശുദ്ധത്മാവിൻെറ പ്രധാന ശുശ്രൂഷ.

''അവൻ എനിക്കുള്ളതിൽ നിന്നെടുത്തു് നിങ്ങാംക്ക് അറിയിച്ചു തരുന്നതു കൊണ്ടു് എന്നെ മഹത്വപ്പെടുത്തും''

(യോഹന്നാൻ 16:14)

## III. പരിശുദ്ധാത്മ സ്നാനം.

### A. യേശുക്രിസ്തു പരിശുദ്ധാത്മാവിൽ സ്നാനം ഏല്പിക്കും.

''......അവൻ (യേശുക്രിസ്തു) നിങ്ങളെ പരി-ശുദ്ധാത്മാവിലും തീയിലും സ്നാനം ഏല്പിക്കും'' (മത്തായി 3:11)

### B. പെന്തക്കോസ്തുനാാം : പരിശുദ്ധാത്മസ്നാനം.

''എല്ലാവരും പരിശുദ്ധത്മാവു നിറഞ്ഞവരായി ആത്മാവു് അവർക്കു് ഉച്ചരിപ്പാൻ നൽകിയതുപോലെ അന്യഭാഷകളിൽ സംസാരിച്ചു തുടങ്ങി.'' ( അപ്പോ: പ്രവൃത്തികാം 2:4 )

### C. യേശുക്രിസ്തു മാറാത്ത:വൻ അവൻ തുടർന്നും പരിശുദ്ധാത്മസ്നാനം നൽകിക്കൊണ്ടിരിക്കുന്നു.

''........സ്വർഗ്ഗസ്ഥനായ പിതാവു തന്നോടു യാചിക്കുന്നവർക്കു പരിശുദ്ധാത്മാവിനെ എത്ര അധികം കൊടുക്കും''.

(ലൂക്കോസ് 11:13)

## IV. ആത്മ നിറവിൻ ജീവിതം.

### A. ആത്മാവിൽ നിറയപ്പെടുവാൻ കല്പിച്ചിരിക്കുന്നു.

''...........ആത്മാവുനിറഞ്ഞവരായി.........'' (എഫേസ്യർ 5:18)

### B. വിശ്വാസത്തോടുകൂടി അപേക്ഷിക്കുമ്പോാം ലഭിക്കുന്നു.

''അവൻെറ ഇഷ്ടപ്രകാരം നാം എന്തെങ്കിലും അപേക്ഷിച്ചാൽ അവൻ നമ്മുടെ അപേക്ഷകോംക്കുന്നു എന്നുള്ളതു് അവനോടുള്ള ധൈര്യം ആകുന്നു.'' (1 യോഹന്നാൻ 5:14)

## V. ആത്മാവിനെ അനുസരിച്ചു് നടപ്പിൻ.

''ആത്മാവിനെ അനുസരിച്ചു് നടപ്പിൻ എന്നാൽ നിങ്ങാം ജഡത്തിൻെറ മോഹം നിവർത്തിക്കയില്ലാ എന്നു ഞാൻ പറയുന്നു.''

(ഗലാത്യർ 5:16)

## VI. പരിശുദ്ധാത്മാവിനാൽ നടത്തപ്പെടണം.

''ദൈവാത്മാവു നടത്തുന്നവർ ഏവരും ദൈവത്തിൻെറ മക്കാം ആകുന്നു.''

(റോമർ 8:14)